# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എടപ്പറ്റ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.9/1937/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 25/01/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടപ്പറ്റ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.9/1937/2021 തീയ്യതി: 25/01/2022

## മലപ്പുറം ജില്ലയിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ എടപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2019 മുതൽ 09-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ഉണ്ണിപൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 10-11-2021 | 24-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-11-2021 | 24-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.അബ്ദുൽ ജലീൽ ടി.പി (ഓഡിറ്റ് ഓഫീസർ. (ഹ.ഗ്രേ))
2. ശ്രീ.മുഹമ്മദ് സലീം.ടി (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
3. ശ്രീ.രാമകൃഷ്ണൻ.ടി (സീനിയർ ഗ്രേഡ് ഓഡിറ്റർ)
4. ശ്രീ.റഷീദ്.വി (സീനിയർ ഗ്രേഡ് ഓഡിറ്റർ)

5. ശ്രീമതി.സുജാത.എം (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീമതി.ആലീസ് മേരി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീമതി.ജയശ്രീ.എം | സെക്രട്ടറി-ഇ**ൻ-**ചാ**ർ**ജ്ജ് | 01-04-2019 | 11-04-2019 |
| ശ്രീ.രാജേഷ്കുമാർ | സെക്രട്ടറി | 12-04-2019 | 28-07-2019 |
| ശ്രീമതി.സിനിമോൾ.സി.ഐ | സെക്രട്ടറി-ഇ**ൻ-**ചാ**ർ**ജ്ജ് | 29-07-2019 | 06-08-2019 |
| ശ്രീ.അബ്ദുൾ റഷീദ്.ഐ | സെക്രട്ടറി | 07-08-2019 | 27-09-2019 |
| ശ്രീമതി.റംല.എം.വി | സെക്രട്ടറി-ഇ**ൻ-**ചാ**ർ**ജ്ജ് | 28-09-2019 | 09-11-2019 |
| ശ്രീമതി.ലീലാമണി.എസ് | സെക്രട്ടറി | 10-11-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുത**ൽ)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീമതി.ജയശ്രീ.എം | അസി.സെക്രട്ടറി | 01-04-2019 | 11-04-2019 |
| ഒഴിവ് | അസി.സെക്രട്ടറി | 12-04-2019 | 05-08-2019 |
| ശ്രീമതി.റംല.എം.വി | അസി.സെക്രട്ടറി | 06-08-2019 | 31-03-2020 |
| ശ്രീ.തോമസ്.റ്റി.റ്റി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.സിനിമോൻ.സി.എച്ച് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.സ്വപ്ന.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 27-12-2019 |
| ശ്രീമതി.ഗീത | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 28-02-2019 | 31-03-2020 |
| ശ്രീ.മോഹനൻ | ഹെഡ്മാസ്റ്റർ | 01-04-2019 | 09-10-2019 |
| ശ്രീ.വേലുക്കുട്ടി | ഹെഡ്മാസ്റ്റർ | 10-10-2019 | 31-03-2020 |
| ഡോ.സജ്ന.പി.എച്ച് | മെഡിക്കൽ ഓഫീസർ | 01-04-2019 | 29-10-2019 |

| | | | |
|---|---|---|---|
| | (പി.എച്ച്.സി) | | |
| ഡോ.മർസൂക്ക്.എ.എം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 30-10-2019 | 31-03-2020 |
| ശ്രീമതി.സ്വപ്ന.വി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ജോഷ്ന.കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 03-12-2019 |
| ഡോ.ഫിസാ ഷെമീം | വെറ്ററിനറി സർജൻ | 01-04-2019 | 31-07-2019 |
| ഡോ.ജയപ്രഭ | വെറ്ററിനറി സർജൻ | 01-08-2019 | 31-03-2020 |
| ഡോ.മുഹമ്മദ് ഷെഫീക്ക് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 04-12-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujatha M (Auditor, On 24-11-2021)<br>Last Updated By: Sujatha M (Auditor, On 24-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Ramakrishnan.T (Senior Grade Auditor, On 24-11-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 24-11-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം.<br>Written By: Ramakrishnan.T (Senior Grade Auditor, On 24-11-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 24-11-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACR പ്രകാരം)<br>Written By: Ramakrishnan.T (Senior Grade Auditor, On 24-11-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 24-11-2021) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: Ramakrishnan.T (Senior Grade Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 22-01-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി.<br>Written By: Ramakrishnan.T (Senior Grade Auditor, On 24-11-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 24-11-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 24-11-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 24-11-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ.<br>Written By: Sujatha M (Auditor, On 23-11-2021)<br>Last Updated By: Sujatha M (Auditor, On 23-11-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Muhammed Saleem T (Asst. Audit Officer, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 22-01-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.<br>Written By: Ramakrishnan.T (Senior Grade Auditor, On 24-11-2021)<br>Last Updated By: Ramakrishnan.T (Senior Grade Auditor, On 24-11-2021) | 1-10 |
| 11 | വാർഷികകണക്ക് പരിശോധന – അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 22-01-2022) | 1-11 |
| 12 | ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തത് - യഥാസമയം അടവാക്കുന്നതിൽ വീഴ്ച വരുത്തി<br>Written By: Sujatha M (Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 22-01-2022) | 1-12 |
| 13 | ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തത് - യഥാസമയം അടവാക്കാത്തതും മറ്റ് അപാകതകളും<br>Written By: Sujatha M (Auditor, On 24-11-2021)<br>Last Updated By: Sujatha M (Auditor, On 24-11-2021) | 1-13 |
| 14 | ഭേദഗതി പ്രകാരമുള്ള പുതുക്കിയ ലൈസൻസ് ഫീസ് നിരക്ക് പ്രാബല്യത്തിൽ വരുത്തുന്നതിൽ കാലതാമസം.<br>Written By: Sujatha M (Auditor, On 24-11-2021) | 1-14 |

| | | |
|---|---|---|
| | Last Updated By: Unni.P (Deputy Director, On 22-01-2022) | |
| 15 | കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ /അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ.<br>Written By: Sujatha M (Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 22-01-2022) | 1-15 |
| 16 | കെട്ടിടത്തിന്റെ നികുതി റിവൈസ് ചെയ്യാനുള്ള സെക്രട്ടറിയുടെ നിർദ്ദേശം പാലിച്ചില്ല.<br>Written By: Sujatha M (Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 22-01-2022) | 1-16 |
| 17 | റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കിയത് - ഫയൽ ലഭ്യമാക്കിയില്ല.<br>Written By: Sujatha M (Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 22-01-2022) | 1-17 |
| 18 | അമൃതം ന്യൂട്രീമിക്സിനു നൽകിയ ജി.എസ്.ടി- TDS ഈടാക്കിയില്ല.<br>Written By: Muhammed Saleem T (Asst. Audit Officer, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-18 |
| 19 | എൻ ആർ ഇ ജി എസ് പ്രവൃത്തികൾ - മെറ്റീരിയൽ സപ്ലൈ- ജി.എസ്.ടി. TDS വരുത്തിയിട്ടില്ല<br>Written By: Muhammed Saleem T (Asst. Audit Officer, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 22-01-2022) | 1-19 |
| 20 | നാമമാത്ര തുക വകയിരുത്തി പ്രൊജക്ടുകൾ തയ്യാറാക്കുന്നു.<br>Written By: T.P.Abdul Jaleel (Audit Officer, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-20 |
| 21 | അരലക്ഷം എസ് സി കോളനി സാക്ഷരതാ പദ്ധതി - നടത്തിപ്പിലെ അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 22-01-2022) | 1-21 |
| 22 | എസ് സി യുവജനങ്ങൾക്ക് വാദ്യോപകരണം പദ്ധതി- അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-22 |
| 23 | എസ് സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും പദ്ധതി - അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 22-01-2022) | 1-23 |
| 24 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് പദ്ധതി - അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-24 |
| 25 | വെറ്ററിനറി ഡിസ്പെൻസറിയിലേക്കും സബ്സെന്ററിലേക്കും കമ്പ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - പ്രിന്റർ ലഭിച്ചിട്ടില്ല.<br>Written By: Rasheed V (Senior Grade Auditor, On 24-11-2021)<br>Last Updated By: Unni.P (Deputy Director, On 22-01-2022) | 1-25 |
| 26 | പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമായില്ല.<br>Written By: Rasheed V (Senior Grade Auditor, On 24-11-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 03-12-2021) | 1-26 |
| 27 | കറവപ്പശുക്കൾക്ക് കാലിത്തീറ്റ – പദ്ധതി നിർവ്വഹണത്തിലെ അപാകത.<br>Written By: Rasheed V (Senior Grade Auditor, On 24-11-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 24-11-2021) | 1-27 |
| 28 | ഡയറി ഫാം ഇൻസ്റ്റക്ടർ പദ്ധതി നടപ്പാക്കിയില്ല; വിശദീകരണം ലഭ്യമാക്കേണ്ടതാണ്<br>Written By: T.P.Abdul Jaleel (Audit Officer, On 30-11-2021) | 1-28 |

| | | |
|---|---|---|
| | Last Updated By: Unni.P (Deputy Director, On 25-01-2022) | |
| 29 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല<br>Written By: T.P.Abdul Jaleel (Audit Officer, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-29 |
| 30 | മരാമത്ത് പ്രവൃത്തികളിലെ അധിക ചെലവ്- 13113രൂപ തിരിച്ചടച്ചു.<br>Written By: T.P.Abdul Jaleel (Audit Officer, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-30 |
| 31 | നിർമാണ തൊഴിലാളി ക്ഷേമനിധി; കളക്ഷൻ ചാർജ് ഈടാക്കുന്നില്ല.<br>Written By: T.P.Abdul Jaleel (Audit Officer, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-31 |
| 32 | ഷീറ്റ് മേയൽ; ഒബ്സർവ്ഡ് ഡാറ്റയുടെ നിരക്ക് കണക്കാക്കിയതിലെ അപാകത കാരണം 21343 രൂപയുടെ അധികച്ചെലവ്.<br>Written By: T.P.Abdul Jaleel (Audit Officer, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-32 |
| 33 | ഷീറ്റ് മേയൽ; ഒബ്സർവ്ഡ് ഡാറ്റയുടെ നിരക്ക് കണക്കാക്കിയതിലെ അപാകത കാരണം 17056 രൂപയുടെ അധികച്ചെലവ്.<br>Written By: T.P.Abdul Jaleel (Audit Officer, On 30-11-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-32-1 |
| 34 | ഷീറ്റ് മേയൽ; ഒബ്സർവ്ഡ് ഡാറ്റയുടെ നിരക്ക് കണക്കാക്കിയതിലെ അപാകത കാരണം 4287 രൂപയുടെ അധികച്ചെലവ്.<br>Written By: T.P.Abdul Jaleel (Audit Officer, On 01-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 1-32-2 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ചേരിപ്പറമ്പ് GLPS പുനരുദ്ധാരണം (199/20); 17056 രൂപയുടെ അധികച്ചെലവ്.<br>Written By: T.P.Abdul Jaleel (Audit Officer, On 01-12-2021)<br>Last Updated By: T.P.Abdul Jaleel (Audit Officer, On 01-12-2021) | 3-1-1 |
| 2 | വെളിയഞ്ചേരി അംഗനവാടി കെട്ടിടം പുനരുദ്ധാരണം (231/20); 4287 രൂപയുടെ അധികച്ചെലവ്.<br>Written By: T.P.Abdul Jaleel (Audit Officer, On 01-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 3-1-2 |
| 3 | ഷീറ്റ് മേയൽ; ഒബ്സർവ്ഡ് ഡാറ്റയുടെ നിരക്ക് കണക്കാക്കിയതിലെ അപാകത കാരണം അധികച്ചെലവ്.<br>Written By: T.P.Abdul Jaleel (Audit Officer, On 01-12-2021)<br>Last Updated By: Unni.P (Deputy Director, On 25-01-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Rasheed V (Senior Grade Auditor, On 23-11-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 23-11-2021) | 4-1 |
| 2 | സംയുക്ത പ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Rasheed V (Senior Grade Auditor, On 23-11-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 23-11-2021) | 4-2 |

| | | |
|---|---|---|
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.<br>Written By: Rasheed V (Senior Grade Auditor, On 23-11-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 23-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.<br>Written By: Rasheed V (Senior Grade Auditor, On 23-11-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 23-11-2021) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്.<br>Written By: Rasheed V (Senior Grade Auditor, On 23-11-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 23-11-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ.<br>Written By: Rasheed V (Senior Grade Auditor, On 23-11-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 23-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Rasheed V (Senior Grade Auditor, On 23-11-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 23-11-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Rasheed V (Senior Grade Auditor, On 23-11-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 23-11-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Rasheed V (Senior Grade Auditor, On 23-11-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 23-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം.<br>Written By: Rasheed V (Senior Grade Auditor, On 23-11-2021)<br>Last Updated By: Unni.P (Deputy Director, On 22-01-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.<br>Written By: Rasheed V (Senior Grade Auditor, On 20-11-2021)<br>Last Updated By: Rasheed V (Senior Grade Auditor, On 20-11-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

| 2019-20 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1)- 20.02.2019 | 1(1)-11.03.2020 |

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2020 | 11.12.2020 | | |

കുറിപ്പ് :-നിയമാനുസൃത സമയപരിമിതിക്കുള്ളിൽ വാർഷികകണക്ക് സമർപ്പിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 14845500 |
| വരവ് | 61876368 |
| ആകെ | 76721868 |
| ചെലവ് | 56947612 |
| നീക്കിയിരിപ്പ് | 19774256 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 11412354 | 11412354 | 10200319 | 1212035 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 5953064 | 5953064 | 3871634 | 2081430 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 225000 | 225000 | 50000 | 175000 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 20122101 | 20122101 | 12801045 | 7321056 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 3408000 | 3408000 | 1837759 | 1570241 |
| ബി ഫണ്ട് | 0 | 10093740 | 10093740 | 10093740 | 0 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 301 | 86427696 | 89 | 44917705 | 52 | 164 | 29.18% |

## 1-6 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 7673 | 1355836 | 1363509 | 1363509 | 0 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 17097995 | 17097995 | 17097995 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 65040 | 43 |
| കർഷകതൊഴിലാളി പെൻഷൻ | 1938000 | 980 |
| വിധവാപെൻഷൻ | 6611400 | 2301 |
| വാർദ്ധക്യകാലപെൻഷൻ | 6118200 | 2780 |
| വികലാംഗപെൻഷൻ | 1737300 | 878 |
| വിവാഹധനസഹായം | 0 | 0 |
| 50 വയസിനു മുകളിൽ പ്രായമുള്ള വനിതകൾക്കുള്ള ധനസഹായം | 235200 | 97 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.2021 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 320/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല.
2.ഓഫീസിലെ എല്ലാ സെക്ഷനുകളും തൻപതിവേടുകൾ എഴുതുന്നില്ല. എഴുതുന്നവ അപൂർണവും, മേൽപരിശോധന നടത്തപ്പെടാത്തവയുമാണ്. സൂചിക വിതരണ രജിസ്റ്ററിൽ തിയ്യതി വച്ച് എല്ലാ സെക്ഷനുകളും ഒപ്പു വയ്ക്കുന്നുമില്ല.
3. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 150 പ്രകാരം അസംസ്കൃത വസ്തുക്കൾക്കും വിലകുറഞ്ഞ സ്റ്റോറുകൾക്കും,ഓഫീസ് ഫർണ്ണീച്ചറുകൾക്കും സ്റ്റോറുകൾക്കും ,പുസ്തകങ്ങൾ ഫോറങ്ങൾ സ്റ്റേഷനറികൾ എന്നിവക്കും പ്രത്യേക സ്റ്റോക്ക് അക്കൗണ്ടുകൾ സൂക്ഷിക്കേണ്ടതാണ്. ആയത് പാലിക്കുന്നില്ല.സ്റ്റോക്കുകളുടെ പരിശോധനയും കാര്യക്ഷമമല്ല.സ്റ്റോറുകളുടെ വിതരണ വിവരം സ്റ്റോക്ക് അക്കൗണ്ടിൽ ചേർക്കേണ്ടതാണെങ്കിലും ( ആർട്ടിക്കിൾ 152) ആയതും പാലിക്കുന്നില്ല.
4. ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം ഓരോ പ്രോജക്ടുകളും നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറി പ്രൊജക്ടുകളുടെ നിർവ്വഹണം മോണിറ്റർ ചെയ്യണം. എന്നാൽ മെഡിക്കൽ ഓഫീസർ (ഹെൽത്ത്), വെറ്റിനറി സർജൻ, ഹെഡ് മാസ്റ്റർ, അസിസ്റ്റന്റ് സെക്രട്ടറി എന്നിവരുടെ പ്രൊജക്ടുകൾ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.09.2021 | 01.04.2021 മുതൽ 31.07.2021 | 23.09.2021 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.02.2019 മുതൽ 16.02.2019 വരെ | 2013 -2014 മുതൽ 2017-18 | 04.03.2019 |

## 1-11 വാർഷികകണക്ക് പരിശോധന – അപാകതകൾ

എടപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)തൊഴിലുറപ്പ് പദ്ധതി - മൊത്തം ചെലവു തുക വാർഷിക കണക്കും, യഥാർത്ഥ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | വാർഷിക കണക്ക് പ്രകാരം തുക | സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പത്രിക പ്രകാരം |
|---|---|---|
| മൊത്തം ചെലവ് | 1,84,61,504 | 1,94,25,509 |

2)തൊഴിൽ നികുതി (വ്യാപാരികൾ)ഇനത്തിൽ വാർഷിക കണക്കും രജിസ്റ്ററും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| വാർഷിക കണക്ക് പ്രകാരം തുക | രജിസ്റ്റർ പ്രകാരം തുക |
|---|---|
| ഡിമാന്റ് - 1,19,800<br>കളക്ഷൻ<br>അഡ്വാൻസ് - 21,950<br>തൻവർഷം - 96,600<br>ആകെ - 1,18,550<br>ബാലൻസ് - 1250 | ഡിമാന്റ് - 1,02,300<br>കളക്ഷൻ - 1,02,300<br>ബാലൻസ് - 0<br>വ്യത്യാസം - 17,500 |

3)രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ തൊഴിൽ നികുതി(ജീവനക്കാർ),ബിൽഡിംഗ് പെർമിറ്റ് ഫീസ്,ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് എന്നീ ഇനങ്ങളിൽ വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

4) ലേലം ഇനത്തിൽ 31200 രൂപ (തടിലേലം -6200 + മറ്റുള്ളവ- 25,000) വരവുണ്ടെങ്കിലും,വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

5)ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6)വിധവാ പെൻഷൻ ഇനത്തിൽ 66,11,400 രൂപ തൻവർഷം വിതരണം ചെയ്തത് അക്കൗണ്ട് ചെയ്തിട്ടില്ല.

7)ലോൺ രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B5- ൽ രേഖപ്പെടുത്തിയ തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

8)ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-12 ൽ ഇൻവെസ്റ്റ്മെന്റ് ഇനത്തിൽ 5,000 രൂപ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും,രേഖകളുടെ അഭാവത്തിൽ പ്രസ്തുത തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

9)പ്രത്യേക എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-4 ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

10)അഡ്വാൻസ് രജിസ്റ്ററിൽ വിവരങ്ങൾ ചേർത്തിട്ടില്ലാത്തതിനാൽ, ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18 ൽ രേഖപ്പെടുത്തിയ താഴെ പറയുന്ന ഇനങ്ങളിൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

| ഇനം | തുക |
|---|---|
| Advance To Implementing Agencies- Deposit With K S E B | 11,16,012 |
| Advance To Implementing Officers | 59,928 |
| Advance To Others | 4,89,492 |

11) റോഡ് കട്ടിംഗ് ഫീസ് ഇനത്തിൽ 17,73,555 രൂപ വരവുണ്ടെങ്കിലും ആയത് പരിശോധിക്കാനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

12)റീകൺസിലേഷൻ സ്റ്റേറ്റുമെന്റുകൾ ഒന്നും തന്നെ സെക്രട്ടറി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

13) താഴെ പറയുന്ന അക്കൗണ്ടുകളിൽ ബാങ്ക് ബുക്ക്, വാർഷിക കണക്ക് എന്നിവയിൽ രേഖപ്പെടുത്തിയ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | തുക |
|---|---|
| കനറ ബാങ്ക് (തനത്ഫണ്ട്) മുന്നിരിപ്പ് | വാർഷികകണക്ക് പ്രകാരം 54,48,928 രൂപ<br>ബാങ്ക് ബുക്ക് പ്രകാരം 48,02,623 രൂപ |
| കനറ ബാങ്ക് (പ്രോപ്പർട്ടി ടാക്സ്) മുന്നിരിപ്പ് | വാർഷികകണക്ക് പ്രകാരം 111847 രൂപ<br>ബാങ്ക് ബുക്ക് പ്രകാരം - 96,693 രൂപ |

14)വസ്തു നികുതി- മുൻവർഷത്തെ വാർഷികകണക്കിൽ രേഖപ്പെടുത്തിയ കുടിശ്ശിക ഡിമാന്റ് തുകയും(1,31,746), യഥാർത്ഥതുയും(39,383) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി നം . 10/19-20/22.11.21)

1-11-1 ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം

വികസന ഫണ്ട്(ജനറൽ), എ.സി.ആർ. വാർഷിക കണക്ക് എന്നിവ പ്രകാരം ചെലവ് 1,02,00,319 രൂപയും ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്ര പ്രകാരം 1,08,19,823 രൂപയുമാണ്.

## 1-12 ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തത് - യഥാസമയം അടവാക്കുന്നതിൽ വീഴ്ച വരുത്തി

കൃഷി ഓഫീസർ 2019-20 ൽ നിർവ്വഹിച്ച പ്രൊജക്ടുകൾക്കായി വിവിധ രശീതികൾ മുഖേന ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടുണ്ട്. ഇതിൽ 56537/26 മുതൽ 100 വരെയും, 8376/1 മുതൽ 100 വരെയും 8377/1 മുതൽ 17 വരെയും രശീതികൾ പ്രകാരം 31.01.2020 ന് ഗുണഭോക്താക്കളിൽ നിന്ന് പിരിച്ചെടുത്ത 81000/- രൂപയിൽ 56537/26 മുതൽ 100 വരെയുള്ള രശീതികൾ പ്രകാരമുള്ള 33840/- രൂപ 01.02.2020 ന് സാംഖ്യ രശീതി നമ്പർ 119030102045/01.02.2020 പ്രകാരം പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ 8376/1 മുതൽ 100 വരെയും 8377/1 മുതൽ 17 വരെയുമുള്ള രശീതികൾ പ്രകാരം പിരിച്ചെടുത്ത 47160/-രൂപ 03.02.2020 ന് സാംഖ്യ രശീതി നമ്പർ 119030102077/03.02.2020 പ്രകാരമാണ് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്. 31.01.2020 ന് ഗുണഭോക്താക്കളിൽ നിന്ന് പിരിച്ചെടുത്ത തുക 01.02.2020 ന് പൂർണ്ണമായും പഞ്ചായത്തിൽ അടവാക്കാതിരുന്നതിന് കാരണം വിശദമാക്കാൻ ആവശ്യപ്പെട്ട് നൽകിയ 6/*19-20*/22.11.2021 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 192 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതം വാങ്ങി രശീതി നൽകുക എന്നത് വളരെയധികം സമയമെടുക്കുന്ന പ്രവൃത്തിയാണെന്നും മുഴുവൻ പേരുടേയും വിവരങ്ങൾ കളക്ഷൻ രജിസ്റ്ററിൽ ചേർക്കുന്നതിന് കഴിയാത്തതിനാൽ കളക്ഷൻ രജിസ്റ്ററിൽ ചേർക്കാൻ സാധിച്ച 31840/- രൂപയാണ് 01.02.2020 ന് പഞ്ചായത്തിൽ അടവാക്കിയതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2.02.2020 ഞായറാഴ്ചയായതിനാൽ ബാക്കി തുക 03.02.2020 നാണ് അടവാക്കാൻ സാധിച്ചതെന്നും അറിയിച്ചു. കളക്ഷൻ തുക അതാത് ദിവസം തന്നെ പഞ്ചായത്തിൽ അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തത് - യഥാസമയം അടവാക്കാത്തതും മറ്റ് അപാകതകളും

വെറ്ററിനറി സർജൻ 2019-20 ൽ നിർവ്വഹിച്ച മുട്ടക്കോഴി വളർത്തൽ (ജനറൽ , എസ്.സി) , കറവപ്പശുക്കൾക്ക് കാലിത്തീറ്റ എന്നീ പ്രൊജക്ടുകൾക്കായി വിവിധ രശീതികൾ മുഖേന ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടുണ്ട്. മേൽ രശീതികളും രശീതികൾ പ്രകാരം പിരിച്ചെടുത്ത തുകയുടെ അടവ് വിവരവും പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ ചേർക്കുന്നു.

1. രശീതികളിൽ ഡബിൾ സൈഡ് കാർബൺ വച്ച് ആദ്യം തീയ്യതി രേഖപ്പെടുത്തുകയും, ഇത് വെട്ടി മാറ്റി പിന്നീട് കാർബൺ വയ്ക്കാതെ തിയ്യതിയിൽ മാറ്റം വരുത്തുകയും ചെയ്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| രശീതി / തിയ്യതി | മാറ്റം വരുത്തിയത് | തുക അടവാക്കിയ വിവരം |
|---|---|---|
| 32119/1-100 തി. 10.10.2019<br>32120/1-100 തി. 10.10.2019<br>32121/1-100 തി. 10.10.2019<br>32122/1-100 തി. 11.10.2019<br>32123/1-100 തി. 11.10.2019<br>32124/1-100 തി. 11.10.2019<br>32125/1-100 തി. 11.10.2019<br>56526/1-70 തി. 11.10.2019 | തി. 15.10.2019 | ആകെ തുക – 403700/-<br>119030101173/15.10.2019 – 3,85,550/-<br>119030101174/15.10.2019 – 18,150/- |
| 56526/71-100 തി. 16.10.2019<br>56527/1-47 തി. 16.10.2019 | തി. 18.10.2019 | ആകെ തുക – 40700/-<br>119030101207/18.10.2019 – 39,050/-<br>119030101208/18.10.2019 – 1, 650/- |
| 56527/48-59 തി. 19.10.2019<br>56527/61,62 എന്നിവയിൽ തിയ്യതി ആദ്യം ചേർത്തിട്ടില്ല<br>56527/63,64 തി. 19.10.2019<br>56527/65-86 തി. 22.10.2019<br>56527/87-100 തി. 23.10.2019<br>56528/1-100 തി. 23.10.2019<br>56529/1-33 തി. 23.10.2019 | തി. 25.10.2019 | ആകെ തുക –1,91,735/-<br>119030101241/25.10.2019 – 1,67,260/-<br>119030101242/25.10.2019 – 24,475/- |
| 56549/83-100 തി. 12.02.2020<br>8382/1-100 തി. 12.02.2020<br>8383/1-23 തി. 12.02.2020 | തി. 14.02.2020 | ആകെ തുക –1,73,309/-<br>119030102350/14.02.2020 – 1,73,309/- |
| 8383/24-100 തി. 10.03.2020<br>8388/1-53, 59-64 തി. 10.03.2020<br>( 8388/53-58 രശീതികളിൽ 10.02.2020 എന്നാണ് ചേർത്തത്) | തി. 12.03.2020 | ആകെ തുക –1,73,309/-<br>119030103110/12.03.2020 – 1,73,309/- |

2. കൂടാതെ 56529/45-100, 56535/1-87 എന്നീ രശീതികളിൽ തിയ്യതി ഒഴികെ മറ്റെല്ലാ വിവരങ്ങളും ഡബിൾ സൈഡ് കാർബൺ വച്ചാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തിയ്യതി മാത്രം കാർബൺ വയ്ക്കാതെ പേനകൊണ്ട് രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ഇതിൽ നിന്നും ഗുണഭോക്താക്കളിൽ നിന്ന് തിയ്യതി രേഖപ്പെടുത്താത്ത രശീതി നൽകി ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത ശേഷം (167965/- ), ആയത് അന്ന് അടവാക്കാതെ, പിന്നീട് രശീതികളിൽ 18.11.2019 എന്ന് തിയ്യതി രേഖപ്പെടുത്തി അടവാക്കുകയാണ് ചെയ്തിട്ടുള്ളത് (119030101388/18.11.2019 – 825/-, 119030101389/ 18.11.2019- 1,67,140/- ) എന്ന് വ്യക്തമാണ്.

തുക യഥാസമയം അടവാക്കുന്നതിൽ വീഴ്ച വരുത്തിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്എൻക്വയറി (7/*19-20*/22.11.2021) ക്ക് ഒരേ സമയം ഒരുപാട് പേരുടെ കയ്യിൽ നിന്ന് ഗുണഭോക്തൃ വിഹിതം വാങ്ങി രശീത് നൽകിയപ്പോൾ സംഭവിച്ച തെറ്റുകളാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയത്

അംഗീകരിക്കാവുന്നതല്ല. കളക്ഷൻ തുക യഥാസമയം അടവാക്കാതെ കൈവശം സൂക്ഷിച്ചതിനും രശീതികളിൽ തിരുത്തൽ വരുത്തിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 ഭേദഗതി പ്രകാരമുള്ള പുതുക്കിയ ലൈസൻസ് ഫീസ് നിരക്ക് പ്രാബല്യത്തിൽ വരുത്തുന്നതിൽ കാലതാമസം.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, (എസ്.ആർ.ഒ നമ്പർ 674/2017) വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കിയിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമ പഞ്ചായത്തിന് ചുമത്താവുന്നതാണ്. 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് നാളിതുവരെയും ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടില്ല. 2019- 20 സാമ്പത്തിക വർഷത്തിൽ ലൈസൻസിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള 102 സ്ഥാപനമുടമകളിൽ നിന്ന് വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് പിരിച്ചെടുത്തിട്ടുള്ളത്. 2018 -19 ഓഡിറ്റ് റിപ്പോർട്ടിൽ ഖ. 1-15 ആയി അപാകത സൂചിപ്പിച്ചിരുന്നു. ആയതിന് ഭേദഗതി പ്രകാരമുള്ള നിരക്ക് സംബന്ധിച്ച് ഭരണ സമിതിയുടെ തീരുമാനമില്ലാത്തതിനാലാണ് ഭേദഗതി പ്രകാരമുള്ള പുതുക്കിയ ലൈസൻസ് ഫീസ് നിരക്ക് പ്രാബല്യത്തിൽ വരുത്തുന്നതിൽ കാലതാമസം വന്നതെന്നാണ് അറിയിച്ചിരുന്നത്. നാളിതുവരെയും തുടർ നടപടി സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 8/*19-20*/22.11.2021 മറുപടി ലഭ്യമാക്കിയില്ല)

## 1-15 കെട്ടിടനിർമ്മാണ അപേക്ഷ തീർപ്പാക്കൽ /അപേക്ഷ രജിസ്റ്ററിന്റെ സൂക്ഷിപ്പ് എന്നിവയിലെ അപാകതകൾ.

കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും കൂടുതൽ വ്യക്തതയും സുതാര്യതയും കാര്യക്ഷമതയും ഉണ്ടാകുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് 02.12.2015ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 12900/ആർ.എ1/2015/ തസ്വഭവ നമ്പർ സർക്കുലറിലെ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

(1). ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കപ്പെടുന്ന എല്ലാ കെട്ടിട നിർമ്മാണ അപേക്ഷകളും (അപൂർണ്ണമോ അപാകതയുള്ളതോ ആയ അപേക്ഷകൾ ഉൾപ്പെടെ), ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ തന്നെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. എന്നാൽ ഇപ്രകാരമുള്ള ക്രമം പാലിക്കുന്നില്ല. ഉദാ. 12.06.2019 ൽ ലഭിച്ച 2233/2019 നമ്പർ കറണ്ട് നമ്പറിന് ശേഷം 1482/19-25.03.19, 1419/19- 22.03.2019, 1002/19- 28.02.2019, 520/19- 08.02.2019, 1316/19- 16.03.2019, 431/19- 21.02.2019 എന്നീ ക്രമത്തിൽ അപേക്ഷകൾ ചേർത്തിരിക്കുന്നു. രജിസ്റ്ററിലെ ബന്ധപ്പെട്ട കോളങ്ങളിൽ അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും വ്യക്തമായും പൂർണ്ണമായും വൃത്തിയായും രേഖപ്പെടുത്തേണ്ടതാണെങ്കിലും മേൽ ഫയലുകളിൽ കറണ്ട് നം, അപേക്ഷകന്റെ പേര്, അഡ്രസ്, പെർമിറ്റ് ഫീ അടവാക്കിയ വിവരം (2019-20 വർഷത്തിലാണ് പെർമിറ്റ് ഫീ അടവാക്കിയിട്ടുള്ളത്) എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇവക്ക് ക്രമ നം നൽകിയിട്ടുമില്ല. രജിസ്റ്ററിലെ ക്രമ നമ്പറുകളും ക്രമ രഹിതമായാണ് ചേർത്തിരിക്കുന്നത്. ഉദാഹരണമായി ക്രമ നം. 9 ന് ശേഷം ക്രമ നം ചേർക്കാതെ അബൂബക്കർ ഹാജി, തയ്യിൽ ഹൗസ് എന്നവരുടെ 623/19 എന്ന തപാൽ വിവരവും പെർമിറ്റ് ഫീ അടവാക്കിയ വിവരവും ചേർത്തിട്ടുണ്ട്. എന്നാൽ ഈ ഫയലിൻമേൽ സ്വീകരിച്ച തുടർ നടപടി വിവരം രേഖപ്പെടുത്തിയിട്ടില്ല. 4586/19- 11.12.2019 ക്രമ നം. 55 (രജിസ്റ്റർ പേജ്.57) ന് ശേഷം 12/2019, 01/2020, 02/2020, 03/2020 എന്നീ മാസങ്ങളിലായി കെട്ടിട നിർമ്മാണ അനുമതിക്കായി ലഭ്യമായ 22 അപേക്ഷകൾ ചേർത്തിട്ടുണ്ടെങ്കിലും (രജിസ്റ്റർ പേജ്.57,58, 59, 60) നൽകുകയോ ക്രമ നമ്പർ അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങൾ ചേർക്കുകയോ ചെയ്തിട്ടില്ല.

(2).പരിശോധനക്ക് ഹാജരാക്കിയ താഴെപ്പറയുന്ന പെർമിറ്റ് അപേക്ഷകൾ പെർമിറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു

| അപേക്ഷ നമ്പർ | അപേക്ഷകൻ | അനുവദിച്ച പെർമിറ്റ് | ഉപയോഗക്രമം |
|---|---|---|---|
| 4705/20.12.2019 | അബ്ബാസ് ഇബ്നു മുഹമ്മദ് | A3-4705/19 Dtd.15.01.2020 | വാസഗൃഹം 146.40 ച.മീ |
| 4726/21.12.2019 | ജലാലുദ്ദീൻ , സെക്രട്ടറി, അല്ലമ ഇഖ്ബാൽ ഫൗണ്ടേഷൻ ട്രസ്റ്റ് | A3-4726/19 Dtd.18.01.2020 | വാസഗൃഹം 144.33 ച.മീ |

(3).ഫ്രണ്ട് ഓഫീസിൽ നിന്നു നൽകുന്ന കറണ്ട് നമ്പറിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണ ഫയലിന് നമ്പർ നൽകേണ്ടതാണ്. പിന്നീട് പ്രസ്തുത ഫയലിലുണ്ടാകുന്ന വിനിമയങ്ങൾ, നോട്ടീസുകൾ , ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ്, ഒക്യുപ്പൻസി മുതലായവയെല്ലാം ഈ ഫയൽ നമ്പറിൽ നിന്നാണുണ്ടാകേണ്ടത്. കെട്ടിട നിർമ്മാണ അപേക്ഷാ ഫയലിൽ നോട്ടു ഭാഗവും കറസ്പോണ്ടൻസ് ഭാഗവും ഉണ്ടായിരിക്കേണ്ടതാണ്. ഇവയിൽ രേഖപ്പെടുത്തലുകൾ, ഫയൽ സംബന്ധമായ വിവരങ്ങൾ, മറ്റു രേഖകൾ എന്നിവ ക്രമാനുഗതമായി ഫയൽ നമ്പർ, പേജ് നമ്പർ എന്നിവ രേഖപ്പെടുത്തി ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല ഗ്രാമപഞ്ചായത്തിലെ പെർമിറ്റ് ഫയലുകൾ സൂക്ഷിച്ചിട്ടുള്ളത്.

(4).കുറിപ്പുകൾ അപേക്ഷയിൽ തന്നെ എഴുതുന്ന രീതി പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഫയൽ പേജുകൾ ശരിയായ സമയക്രമത്തിൽ റ്റാഗ് ചെയ്ത് ചേർക്കേണ്ടതാണ്. നോട്ട് ഫയലിന്റെ എല്ലാ പേജിലും ഫയൽ നമ്പരും, പേജു നമ്പരും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമല്ല ഫയലുകൾ സൂക്ഷിച്ചിട്ടുള്ളത്.

(5).അപേക്ഷകൾ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായി സൂക്ഷ്മ പരിശോധന നടത്തേണ്ടതും , എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുന്ന റിപ്പോർട്ടിൽ പ്ലോട്ടിന്റെ സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ് എന്നിവയും കെട്ടിടത്തിന്റെ കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ, നിർദ്ദിഷ്ട നിർമ്മാണം കെട്ടിട നിയമങ്ങളും മറ്റനുബന്ധ നിയമങ്ങളും പാലിക്കുന്നുണ്ടോയെന്നുള്ള വിശദമായ അഭിപ്രായം എന്നിവ ഉൾപ്പെടുത്തേണ്ടതുമാണ്. . സർവ്വേ നമ്പർ, വിസ്തീർണ്ണം, വില്ലേജ്, കൈവശഗണം/ഉപയോഗം, വിസ്തീർണ്ണം, എഫ്.എ.ആർ, നിലകളുടെ എണ്ണം, കവറേജ്, പാർക്കിംഗ് മുതലായ വിവരങ്ങൾ എന്നിവയൊന്നും സൂക്ഷ്മ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ രേഖപ്പെടുത്തുന്നില്ല.

(6).അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടെങ്കിൽ കാരണം രജിസ്റ്ററിലും ഫയലിലും വ്യക്തമായിരിക്കേണ്ടതാണ്. യഥാസമയം അപേക്ഷകന് നോട്ടീസ് നൽകേണ്ടതും ഇതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. നോട്ടീസ് സംബന്ധിച്ച് ഫയലിലെ നോട്ട് ഭാഗത്തും, കെട്ടിട നിർമ്മാണ രജിസ്റ്ററിലും രേഖപ്പെടുത്തലുകൾ ഉണ്ടായിരിക്കേണ്ടതാണ്.

(7).കെട്ടിടനിർമ്മാണ നിയമങ്ങൾ അനുശാസിക്കുന്ന രീതിയിൽ കെട്ടിടനിർമ്മാണ അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ തീരുമാനമെടുക്കേണ്ടതാണ്.

കെട്ടിട നിർമ്മാണ അപേക്ഷകൾ സ്വീകരിക്കുന്നതിലും, തുടർ നടപടികൾ കൈക്കൊള്ളുന്നതിലും പരാമർശിത ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ശ്രദ്ധയിൽപ്പെടുത്തിയ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 9/*19-20*/22.11.2021)

## 1-16 കെട്ടിടത്തിന്റെ നികുതി റിവൈസ് ചെയ്യാനുള്ള സെക്രട്ടറിയുടെ നിർദ്ദേശം പാലിച്ചില്ല.

ആമിന മുതൽപേർ, മാട്ടറക്കൽ കോട്ടോത്ത് എന്നവരുടെ ഉടമസ്ഥതയിലുള്ള സർവ്വെ നമ്പർ 247/1-4 ൽ ഉൾപ്പെട്ട സ്ഥലത്ത് പുതുതായി നിർമ്മിക്കുന്ന 141.31 ച.മീറ്റർ വിസ്തൃതിയുള്ള വാസഗൃഹ നിർമ്മാണത്തിനുള്ള അനുമതിക്കായാണ് 2758/19 തി.15.07.2019 നമ്പർ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അപേക്ഷ പരിശോധിച്ച് ഓവർസിയർ സമർപ്പിച്ച സൈറ്റ് വെരിഫിക്കേഷൻ റിപ്പോർട്ടിൽ നിർമ്മാണം നടത്താനുദ്ദേശിക്കുന്ന മേൽ പ്ലോട്ടിൽ നിലവിൽ കെട്ടിടത്തിന് (XIV/3) 208.20 ച.മീറ്റർ വിസ്തീർണ്ണമുണ്ടെന്നും അസസ്മെന്റ് പ്രകാരം XIV/3 നമ്പർ കെട്ടിടത്തിന് 153.65 ച.മീറ്റർ

വിസ്തീർണ്ണമാണുള്ളതെന്നും വ്യക്തമാക്കുന്നുണ്ട്. പ്ലോട്ടിൽ നിലവിലുള്ള (XIV/3) കെട്ടിടത്തിന് സഞ്ചയ അസസ്മെന്റ് പ്രകാരമുള്ളതിനേക്കാളും വിസ്തീർണ്ണമുള്ളതിനാലും നിർമ്മാണം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചുകൊണ്ടായതിനാലും നിർമ്മാണം റഗുലറൈസ് ചെയ്ത് വസ്തു നികുതി റിവിഷൻ ചെയ്യുന്നതിനും പുതിയ കെട്ടിടത്തിന് നിർമ്മാണ അനുമതി നൽകാനും 27.07.2019 സെക്രട്ടറി നിർദ്ദേശിച്ചിട്ടുണ്ട്. പുതിയ കെട്ടിടത്തിനുള്ള നിർമ്മാണ അനുമതി A3-BA(210759)/2019 തിയ്യതി 27.07.2019 നമ്പർ പെർമിറ്റ് പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ സെക്ഷൻ XIV/3 നമ്പർ ക്ലർക്ക് സെക്രട്ടറിയുടെ നിർദ്ദേശം പാലിച്ച് കെട്ടിടത്തിന്റെ നികുതി റിവിഷൻ ചെയ്തിട്ടില്ല. ഓഡിറ്റ് തിയ്യതിയിലും (23.11.2021) സഞ്ചയ പ്രകാരം XIV/3 നമ്പർ കെട്ടിടത്തിന്റെ വിസ്തീർണ്ണം 153.65 ച.മീറ്റർ ആയാണ് നികുതി ഈടാക്കുന്നത്. നികുതി റിവിഷൻ ചെയ്യുന്നതിന് സെക്രട്ടറി നിർദ്ദേശിച്ചിട്ടും ആയത് പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 23/*19-20*/23.11.2021 മറുപടി ലഭ്യമായില്ല)

## 1-17 റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കിയത് - ഫയൽ ലഭ്യമാക്കിയില്ല.

2019-20 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്ക് പ്രകാരം റോഡ് കട്ടിംഗ് ചാർജ് ഇനത്തിൽ 17,73,555/- രൂപ വരവുണ്ട്. എന്നാൽ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനെ തുടർന്ന് ഫയൽ അടിയന്തിരമായി പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് 17(2019-20)/19.11.2021 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ഫയൽ ലഭ്യമാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തില്ല. ഫയൽ ലഭ്യമാക്കാത്തതിനാൽ തുകയുടെ കൃത്യത പരിശോധിച്ചുറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-18 അമൃതം ന്യൂട്രീമിക്സിനു നൽകിയ ജി.എസ്.ടി- TDS ഈടാക്കിയില്ല.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017- ലെ സെക്ഷൻ 51, 21.07.2018-ലെ 28th ജി.എസ്.ടി കൗൺസിൽ എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങളുടെ വിലയിൽ നികുതി കിഴിച്ചുള്ള തുകയുടെ 2 ശതമാനം TDS ഈടാക്കേണ്ടതാണ്. എന്നാൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണം എന്ന പദ്ധതി പ്രകാരം അമൃതം ന്യൂട്രീമിക്സ് വാങ്ങുന്നതിന് 2019-20 ൽ ചെലവഴിച്ച തുകയിന്മേൽ നൽകിയ ജി.എസ്.ടി-ക്ക് TDS ഈടാക്കിയിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രൊജക്ട് | അമൃതം ന്യൂട്രീമിക്സ് വാങ്ങുന്നതിന് ചെലവഴിച്ച തുക | സപ്ലൈ നടത്തിയ സ്ഥാപനം |
|---|---|---|---|
| 1 | അനുപൂരക പോഷകാഹാര വിതരണം (ജനറല് 11/21) | 703612 | അൽഅമീൻ ന്യൂട്രീമിക്സ്,മമ്പാട്ടുമൂല |
| 2 | അനുപൂരക പോഷകാഹാര വിതരണം (SC 9/21) | 474127 | അൽഅമീൻ ന്യൂട്രീമിക്സ്,മമ്പാട്ടുമൂല |

വാങ്ങലുകൾ നടത്തുമ്പോൾ ബില്ലിൽ നികുതി കിഴിച്ചുള്ള തുകയുടെ 2% TDS ഈടാക്കാത്തതിന് പ്രത്യേക കാരണങ്ങൾ ഉണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ അംഗനവാടികളിൽ വിതരണം ചെയ്യുന്ന ഭക്ഷണത്തിനു ജി.എസ്.ടി ഒഴിവാക്കിയിട്ടുണ്ടെന്ന 17.6.2021 ലെ കേന്ദ്രസർക്കാർ സ്പഷ്ടീകരണം സംബന്ധിച്ച കത്ത് ഹാജറാക്കി. എന്നാൽ അമൃതം ന്യൂട്രീമിക്സ് മിശ്രിതത്തിന്റെ കാര്യത്തിൽ ഇത് ബാധകമാണോ എന്നത് സംബന്ധിച്ച് കൂടുതൽ സ്പഷ്ടീകരണം ലഭിക്കുന്നത് വരെ നിലവിൽ നൽകുന്ന ജി.എസ്.ടി തുടരാൻ വനിത ശിശു വികസന ഡയറക്ടറുടെ 18.8.21 ലെ ഐ.സി.ഡി.എസ് ബി3/13220/21 നമ്പർ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. അതിനാൽ ജി.എസ്.ടി. ഉൾപ്പെടുന്ന ഇൻവോയ്സ് പ്രകാരം പേയ്മെന്റ് നടത്തുന്നതിനും 2% TDS വരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-19 എൻ ആർ ഇ ജി എസ് പ്രവൃത്തികൾ - മെറ്റീരിയൽ സപ്ലൈ- ജി.എസ്.ടി. TDS വരുത്തിയിട്ടില്ല

താഴെ പറയുന്ന എൻആർഇജിഎസ് പ്രവൃത്തികൾക്ക് നിർമ്മാണ സാമഗ്രികൾ നൽകിയ കോൺട്രാക്ടർ ശ്രീ.

സനാഉള്ള ടി പി എന്നവർക്ക് ജി.എസ്.ടി. ടിഡിഎസ് വരുത്തിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര്, അടങ്കൽ, കരാർ | അളവ് പുസ്തകം, ആകെ മൂല്യം, | മെറ്റീരിയൽസ് വില - | FTO നമ്പർ |
|---|---|---|---|---|
| 1 | പുളിയക്കോട് അത്തിക്കുണ്ട് റോഡ് കോൺക്രീറ്റ് - 49000 3/19-20 | 59/19-20 485038 | 394612 | 667037/19.3.20 |
| 2. | മാടമ്പി ഐടിസി റോഡ് കോൺക്രീറ്റ് - 490000 5/19-20 | 24/19-20 484943 | 394647 | 19922/30.3.20 |
| 3. | തൊടുകുഴി കുന്നമ്മൽപാടം റോഡ് കോൺക്രീറ്റ് 499000 1/19-20 | 92/19-20 484993 | 394678 | 667301/19.3.20 |
| 4. | ഏപ്പിക്കാട് പുക്കുന്നൻ റോഡ് കോൺക്രീറ്റ് 409000 2/19-20 | 95/19-20 | 360248 | 550563 |

GST ബാധകമായ പ്രവൃത്തികളിലും ഇടപാടുകളിലും ഒരു കോൺട്രാക്റ്റ് പ്രകാരമുള്ള ഇടപാട് മൂല്യം GST കൂടാതെ 2.5 ലക്ഷം രൂപക്ക് മുകളിലായാൽ ആകെ തുകയുടെ 2 % GST ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത് ഈടാക്കേണ്ടതാണ്. അത് പ്രകാരം മേൽപ്രവൃത്തികളുടെ നിർമ്മാണ സാമഗ്രികളുടെ തുകയിൽനിന്ന് 2 % GST ഈടാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 5/22.11.21)ക്ക് ലഭ്യമാക്കിയ മറുപടിയിൽ കോൺട്രാക്റ്റർമാർ റിട്ടേൺ നൽകിയ രേഖകൾ ഹാജരാക്കുകയാണ് ചെയ്തത്. 2 % GST ഉറവിടത്തിൽ നിന്ന് കുറവ് ചെയ്യേണ്ടതാണ്.

## 1-20 നാമമാത്ര തുക വകയിരുത്തി പ്രൊജക്ടുകൾ തയ്യാറാക്കുന്നു.

2019-20 സാമ്പത്തികവർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നാമമാത്ര തുക മാത്രം വകയിരുത്തി 52 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| അടങ്കൽ | എണ്ണം |
|---|---|
| 500 രൂപ | 3 |
| 1000 രൂപ | 48 |
| 5000 രൂപ | 1 |

ലക്ഷങ്ങൾ ചെലവ് വരുന്ന, റോഡ് ടാറിംഗ്, റോഡ് കോൺക്രീറ്റിംഗ്, കെട്ടിട പുനരുദ്ധാരണം, കുടിവെള്ള പദ്ധതികൾ തുടങ്ങിയവക്കാണ് ഇത്തരത്തിൽ നാമമാത്ര തുക വകയിരുത്തി പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമാക്കിയിട്ടുള്ളത്. സ്വാഭാവികമായും, ഫണ്ടിന്റെ അപര്യാപ്തതയാൽ ഇവയിൽ ഒരു പദ്ധതി പോലും നടപ്പിലാക്കിയിട്ടുമില്ല.

സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി തയ്യാറാക്കുന്ന പ്രോജക്ടുകൾക്ക് ആവശ്യമായ തുക വകയിരുത്താതെ ഉപേക്ഷിക്കുന്ന പ്രവണത ഒട്ടും ആശാവഹമല്ല. ഇത് ഗ്രാമ പഞ്ചായത്തിന്റ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപ്പെടുത്തുന്നതാണ്.

പഞ്ചായത്തിന്റെ പൊതു മരാമത്ത് പ്രവൃത്തികളിൽ അധികവും വികസന സ്ഥിരം സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം ലഭിക്കുന്നതും നിർവഹണ ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടതും.വാർഷിക പദ്ധതി നിർദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരമിതവും നിരാശാജനകവുമാമെന്ന് ഇതിൽ നിന്ന് വ്യക്തമാവുന്നു.

വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്തു തല ആസൂത്രണ സമിതി , വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവ കാര്യക്ഷമമായി പ്രവർത്തിക്കാൻ മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം

കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളാണ്. എന്നാൽ പ്രത്യേകമായി ഒരു പ്രോജക്ടിനെ കുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു.

ക്രിയാത്മകമായ സമീപനം സ്വീകരിക്കാത്ത ഭരണസമിതിയും യഥേഷ്ടം ചെറിയ അടങ്കലുള്ള പ്രോജക്ടുകൾ തയ്യാറാക്കാൻ അവസരം ഒരുക്കിയ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ്,വികസനസ്റ്റാന്റിംഗ് കമ്മറ്റി എന്നിവയും ഇത്തരത്തിൽ പദ്ധതികൾ തയ്യാറാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 24/23-11-21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-21 അരലക്ഷം എസ് സി കോളനി സാക്ഷരതാ പദ്ധതി - നടത്തിപ്പിലെ അപാകതകൾ

പ്രോജക്റ്റ് നം. 292/20

അരലക്ഷം എസ് സി കോളനി സാക്ഷരതാ പദ്ധതി

വിനിയോഗിച്ച തുക – 23,250 രൂപ (പ്ലാൻ - എസ് സി പി )

ബിൽ നം. 7/19-20/31.03.2020 – 23,250 രൂപ

നിർവ്വഹണം - ഹെഡ് മാസ്റ്റർ,ജി എൽ പി എസ്, പാതിരിക്കോട്

പദ്ധതി പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | വൗച്ചർനം./തീയ്യതി | ഇനം. | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | V1/292/ 24.07.19 | ബാനർ | 400 | ബാനർ<br>-എന്തിനാണ് ബാനർ ചെലവ് എന്ന് വ്യക്തമല്ല |
| 2 | V2/292/ 25.07.19 | സ്റ്റേഷനറി | 1550 | അമ്പാഴപ്പറമ്പ് തുടർവിദ്യാകേന്ദ്രം- സ്ലെയ്റ്റ്, നോട്ട്ബുക്ക്, പെൻസിൽ,പേന ചെലവുകൾക്ക് വിനിയോഗിച്ച തുക |
| 3 | V3/292/ 25.07.19 | റീഫ്രഷ്മെന്റ് | 1000 | അമ്പാഴപ്പറമ്പ് തുടർവിദ്യാകേന്ദ്രം റീഫ്രഷ്മെന്റ്<br>-ഏത് കാര്യപരിപാടിക്കാണ് റീഫ്രഷ്മെന്റ് എന്ന് വ്യക്തമല്ല. |
| 4 | V4/292/ 07.09.10 | സർവ്വേ പ്രതിഫലം | 900 | ചേരിപ്പറമ്പ് വാർഡിലെ പട്ടികജാതി വീടുകളിൽ നിരക്ഷരരെ കണ്ടെത്തുന്നതിന് പട്ടികജാതി വീടുകളിൽ സർവ്വേനടത്തിയ ഇനത്തിൽ ചെലവഴിച്ച തുക (90*10).<br>-സർവ്വേ നടത്തിയതും സർവ്വേക്ക് നിരക്ക് നിശ്ചയിച്ച് നൽകിയതും എപ്രകാരമെന്ന് വ്യക്തമല്ല. |
| 5 | V5/292/ 07.09.19 | ബാനർ | 400 | ബാനർ<br>-എന്തിനാണ് ബാനർ ചെലവ് എന്ന് വ്യക്തമല്ല |
| 6 | V6/292/ | ഉച്ചഭക്ഷണം | 1800 | ഉച്ച ഭക്ഷണം |

| | | | | |
|---|---|---|---|---|
| | 05.01.20 | | | - ആർക്ക് എന്തിന നൽകിയെന്ന് വ്യക്തമല്ല. |
| 7 | V7/292/ 02.03.20 | ഇൻസ്ട്രക്ടർക്ക് പ്രതിഫലം | 7000 | ചെരിപ്പറമ്പ് വാർഡിലെ പറയരുകുന്ന് കോളനിയിൽവെച്ച് 2019 ജൂലൈ മുതൽ 2020 ജനവരി മാസം വരെ 12 പഠിതാക്കൾക്ക് ക്ലാസ് എടുത്തവകയിൽ സരിത പി എന്ന ഇൻസ്ട്രക്ടർക്ക് നൽകിയ പ്രതിഫലം(7*1000)<br>-നിരക്ക് നിശ്ചയിച്ച നൽകിയത് എപ്രകാരമെന്ന് വ്യക്തമല്ല. |
| 8 | V8/292/ 02.03.20 | ഇൻസ്ട്രക്ടർക്ക് പ്രതിഫലം | 7000 | ചെരിപ്പറമ്പ് വാർഡിലെ പറയരുകുന്ന് കോളനിയിൽവെച്ച് 2019 ജൂലൈ മുതൽ 2020 ജനവരിമാസം വരെ 15 പഠിതാക്കൾക്ക് ക്ലാസ് എടുത്തവകയിൽ മുഹമ്മദ്നിസാർ എന്ന ഇൻസ്ട്രക്ടർക്ക് നൽകിയ പ്രതിഫലം(7*1000)<br>-നിരക്ക് നിശ്ചയിച്ച നൽകിയത് എപ്രകാരമെന്ന് വ്യക്തമല്ല. |
| 9 | V9/292/ 02.03.20 | ബാനർ | 400 | ബാനർ<br>-എന്തിനാണ് ബാനർ ചെലവ് എന്ന് വ്യക്തമല്ല |
| 10 | V10/292/ 08.03.20 | റീഫ്രഷ്മെന്റ് | 1000 | അമ്പാഴപ്പറമ്പ് തുടർവിദ്യാകേന്ദ്രം റീഫ്രഷ്മെന്റ്<br>-ഏത് കാര്യപരിപാടിക്കാണ് റീഫ്രഷ്മെന്റ് എന്ന് വ്യക്തമല്ല. |
| 11 | V11/292/ 08.03.20 | മൈക്ക് വാടക | 1800 | അമ്പാഴപ്പറമ്പ് തുടർവിദ്യാകേന്ദ്രം മൈക്ക് വാടക<br>-ഏത് കാര്യപരിപാടിക്കാണ് മൈക്ക് വാടക എന്ന് വ്യക്തമല്ല. |
| | | ആകെ | 23,250 | |

അപാകതകൾ പരാമർശിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/19-20/22.11.21) മറുപടി ലഭ്യമാക്കിയില്ല.വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും ഗ്രാമപഞ്ചായത്തുകൾക്ക് നേരിട്ട് സാക്ഷരത പരിപാടി നടത്താമെന്നതു സംബന്ധിച്ച സർക്കാർ അനുമതിപത്രം /ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-22 എസ് സി യുവജനങ്ങൾക്ക് വാദ്യോപകരണം പദ്ധതി- അപാകതകൾ

പ്രോജക്റ്റ് നം. 101/20

പുളിയക്കോട് എസ് സി യുവജനങ്ങൾക്ക് വാദ്യോപകരണം

വിനിയോഗിച്ച തുക – 1,37,567 രൂപ (പ്ലാൻ - എസ് സി പി )

ബിൽ നം. 5/19-20/13.03.2020 - 1,37,567 രൂപ

നിർവ്വഹണം - ഹെഡ് മാസ്റ്റർ,ജി എൽ പി എസ് പാതിരിക്കോട്

ജവഹർ രാജീവ് കലാസംഘം,മൈലാടി പുളിയക്കോട് ന് ടെണ്ടർ മുഖേന കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഏഷ്യൻ മാർക്കറ്റിംഗ്,വാഴക്കാട്,മലപ്പുറം എന്ന സ്ഥാപനം മുഖേന കൊട്ട് ചെണ്ട ,വലംതല ചെണ്ട ( അഞ്ച് എണ്ണം വീതം),ഇലത്താളം ( അഞ്ച് എണ്ണം) എന്നിവ വാങ്ങി നൽകുകയാണ് പദ്ധതി പ്രകാരം ചെയ്തിട്ടുള്ളത്.പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)സബ്സിഡി മാർഗ്ഗരേഖ സ ഉ (കൈ) നം. 22/2018/തസ്വഭവ തി.14.02.2018 പ്രകാരം,ഗ്രൂപ്പ് എന്ന നിലയിൽ പ്രവർത്തിക്കുവാൻ കഴിയുന്ന പരിചയവും പ്രാവീണ്യവും ഉള്ളവരാണെന്നു കണ്ടെത്തുന്നവർക്കാണ് ആനുകൂല്യത്തിന് അർഹത. അപ്രകാരം പ്രാവിണ്യം തെളിയിച്ചവരിൽ നിന്നും ആനുകൂല്യ വിതരണത്തിനായി അപേക്ഷ ക്ഷണിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2)ഗ്രൂപ്പ് എന്ന നിലയിൽ പ്രവർത്തിക്കുവാൻ കഴിയുന്ന പരിചയവും പ്രാവീണ്യവും ഉള്ളവരാണെന്നു കണ്ടെത്തുന്നവർക്കാണ് ആനുകൂല്യത്തിന് അർഹത എന്നതിനാൽ,തെരഞ്ഞെടുത്ത ഗ്രൂപ്പ് അപ്രകാരം പ്രാവീണ്യം തെളിയിച്ചവരാണെന്നു കണ്ടെത്തിയതിന്റെയും, സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതിന്റെയും വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

3) പ്രസ്തുത ഗ്രൂപ്പിൽ നിന്നും ഗുണഭോക്തൃവിഹിതം ഇനത്തിൽ 8,000 രൂപ ഈടാക്കിയിട്ടുള്ളതും പ്രസ്തുത തുക രശീതി നം. 119030102102/04.02.2020 പ്രകാരം ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതുമാണ്. പദ്ധതിയ്ക്കായി മുഴുവൻ തുകയും പ്ലാൻ ഫണ്ടിൽ നിന്നാണ് വിനിയോഗിച്ചിട്ടുള്ളത്. പ്രസ്തുത തുക പദ്ധതിയ്ക്കായി വിനിയോഗിക്കാതിരുന്നതിന് കാരണം വ്യക്തമാക്കേണ്ടതും,പ്രസ്തുത തുക പ്ലാൻ ഫണ്ടിലേക്ക് തിരിച്ചടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

22.11.2021 ന് നേരിട്ട് സ്ഥലപരിശോധന നടത്തിയതിൽ അഞ്ച് ചെണ്ടകൾ കേടുവന്നത് ശ്രദ്ധയിൽപ്പെട്ടു.കൂടാതെ, വാദ്യോപകരണങ്ങളുടെ ഉപയോഗത്തിന് ശരിയായ പരിശീലനം ലഭിച്ചവരല്ല ഗുണഭോക്താക്കൾ എന്നും വ്യക്തമായി. ഉപകരണങ്ങൾ ഉപയോഗിക്കാതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടു. അപാകതകൾക്ക് വിശദീകരണം വ്യക്തമാക്കേണ്ടതാണ്.

അപാകതകൾ പരാമർശിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 18/19-20/22.11.21)മറുപടി ലഭ്യമാക്കിയില്ല.

## 1-23 എസ് സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം. 91/20

എസ് സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും പദ്ധതി

വിനിയോഗിച്ച തുക – 2,62,043 രൂപ (പ്ലാൻ -എസ് സി പി )

ബിൽ നം. 3/19-20/04.01.2020 – 2,62,043 രൂപ

നിർവ്വഹണം - ഹെഡ് മാസ്റ്റർ,ജി എൽ പി എസ്, പാതിരിക്കോട്

പദ്ധതി പ്രകാരം 53 എസ് സി വിദ്യാർത്ഥികൾക്ക് സിഡ്കോ,മഞ്ചേരി മുഖേന മേശയും കസേരയും വാങ്ങി നൽകുകയാണ് ചെയ്തിട്ടുള്ളത്.പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)സബ്സിഡി മാർഗ്ഗരേഖ സ ഉ (കൈ) നം. 22/2018/തസ്വഭവ തി.14.02.2018 പ്രകാരം പദ്ധതി ഗുണഭോക്താക്കൾക്ക് പട്ടിക ജാതി വകുപ്പ് മുഖേന ഈ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് ഉറപ്പാക്കേണ്ടതുണ്ട്.എന്നാൽ ആയത് ഉറപ്പാക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

2)എസ് സി പി ഫണ്ട് ഉപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ പ്രധാന അധ്യാപകൻ നൽകിയ പട്ടിക പ്രകാരം,പട്ടികവർഗ്ഗവിഭാഗക്കാരായ ചിന്നു (എ യു പി എസ് വെള്ളിയഞ്ചേരി),വിഷ്ണു കെ ടി (എ യു പി എസ് വെള്ളിയഞ്ചേരി) എന്നീ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. നടപടിക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3)സബ്സിഡി മാർഗ്ഗരേഖ സ ഉ (കൈ) നം. 22/2018/തസ്വഭവ തി.14.02.2018 പ്രകാരം പ്രധാന അധ്യാപകൻ സാക്ഷ്യപ്പെടുത്തി നൽകുന്ന പട്ടികപ്രകാരം സ്കൂൾ അധികൃതർ മുഖേനയാണ് ആനുകൂല്യവിതരണം നടത്തേണ്ടത്. എന്നാൽ ആനുകൂല്യം കൈപ്പറ്റിയ നിഹാര പി (എ എം എൽ പി എസ്,അക്കരപ്പുറം) എന്ന വിദ്യാർത്ഥിക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിലും, ആനുകൂല്യത്തിനായി ലഭ്യമാക്കിയ പട്ടികയും, ആനുകൂല്യ വിതരണം നടത്തിയ പട്ടികയും പ്രധാന

അധ്യാപകൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകകൾ പരാമർശിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14/19-20/22.11.21)മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-24 എസ് സി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് പദ്ധതി - അപാകതകൾ

പ്രോജക്റ്റ് നം.92/20

എസ് സി ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്ക് ലാപ് ടോപ്

വിനിയോഗിച്ച തുക – 3,04,942 രൂപ (പ്ലാൻ - എസ് സി പി )

ബിൽ നം. 4/19-20/16.03.2020

നിർവ്വഹണം - ഹെഡ് മാസ്റ്റർ ജി എൽ പി എസ് ,പാലപ്പറ്റ

പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെട്ട 11 പേർക്ക് KELTRON തിരുവനന്തപുരം മുഖേന ലാപ് ടോപ് വാങ്ങി നൽകുകയാണ് ചെയ്തിട്ടുള്ളത്.

പദ്ധതി സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

